21

# നാല്പതു ദിവസങ്ങൾ

## (മത്താ. 28; മർക്കൊസ് 16; ലൂക്കൊസ് 24; യോഹന്നാൻ 20, 21; പ്രവൃത്തികൾ 1:1-12)

1. **ഉയിർത്തെഴുന്നേല്പ്.** - പ്രവാചകന്മാർ പ്രത്യേകമായി മുന്നറിയിച്ചിരുന്നതാണ് മശിഹയുടെ ഉയിർത്തെഴുന്നേൽപ് (സങ്കീ. 16:10; യെശ. 55:3; *ഒവാ.* പ്രവൃത്തികൾ 2:25-31; 13:34-37), യേശുവും ആവർത്തിച്ചു മുന്നറിയിച്ചിരുന്നു (മത്താ.16:21; 17:9; 20:19; 26:31, 32). എന്നാൽ ശിഷ്യന്മാരുടെ ഉള്ളിൽ അവർക്കു കഴിയാത്തതും മരിക്കുവാൻ പോകുന്ന ക്രിസ്തുവിന്റെ മനസിൽ ഇല്ലാത്തതുമായ രാഷ്ട്രീയ രാജ്യത്തെ കുറിച്ചുള്ള ആശയം നേരത്തെ തന്നെ അവർ സ്വായത്തമാക്കിയിരുന്നു. അതുകൊ്, അവന്റെ മരണം, അവരെ പരിഭ്രമിപ്പിക്കയും, ഉൾക്കിടിലത്തിലാഴ്ത്തുകയും ചെയ്തു. മറ്റു മനുഷ്യർക്കു സംഭവിക്കുന്നതിനേക്കാൾ വലിയ നഷ്ടവും നിരാശയുമാണ് യേശു ക്രൂശിൽ മരിച്ചപ്പോൾ ആളുകളുടെ കാഴ്ച്ചപ്പാടിൽ ഉായത്. യോസേഫിന്റെ കല്ലറയിൽ യേശുവിന്റെ ശരീരം അടക്കം ചെയ്തപ്പോൾ ശിഷ്യന്മാരുടെ പ്രത്യാശയും അസ്തമിച്ചിരുന്നു. യേശു ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ അവർക്കു പ്രത്യാശ നവീകരിക്കപ്പെടുമായിരുന്നില്ല. അവൻ ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ ലോകം പിന്നെ അവനെ കേൾക്കുമായിരുന്നില്ല. ജനനം, വ്യക്തിത്വം, ഉയിർത്തെഴുന്നേൽപ്പ് - ഇതു മൂന്നും ആവശ്യമായ ക്രിയാത്മക അത്ഭുതങ്ങളായിരുന്നു. ക്രിസ്ത്യാനിത്വത്തിന്റെ മതിയായ താക്കോൽ അവയാണ്. ശബ്ബത്ത് കടന്നുപോയി - അമ്പരന്ന ശിഷ്യന്മാർക്ക് ദുഃഖകരമായ ശബ്ബത്തായിരുന്നു. പ്രഭാതമായതോടുകൂടി ഭക്തരായ സ്ത്രീകൾ വന്നു, "ക്രൂശിൽ അവസാനം നിന്നവരും, കല്ലറക്കൽ ആദ്യം വന്നവരുമായ" - രു മറിയമാരും മറ്റുള്ളവരും വന്നു. അവർ കല്ലറ കിട്ടു്, എന്നാൽ മുദ്രയോ കാവൽക്കാരനെയോ കിരുന്നില്ല. ക്രൂശിച്ച രാത്രിയിൽ അർപ്പിക്കുവാൻ കഴിയാതിരുന്നതുകൊു സുഗന്ധവർഗങ്ങളുമായിട്ടാണ് അവർ വന്നത്. എന്നാൽ കല്ലറ ശൂന്യമായിട്ടാണ് കത്! പത്രൊസും യോഹന്നാനും അടുത്തായിരുന്നതുകൊു, പെട്ടെന്നു കല്ലറക്കൽ എത്തി. എല്ലാവരും ആദ്യം വിചാരിച്ചത് ശരീരം മോഷ്ടിക്കപ്പെട്ടു എന്നാണ്; പക്ഷെ ദൂതന്മാർ പ്രത്യക്ഷപ്പെട്ട് യേശു ഉയിർത്തെഴുന്നേറ്റു എന്നറിയിച്ചു.

2. **യേശുവിന്റെ പത്തു പ്രത്യക്ഷതകൾ.** - (1) മഗ്ദലക്കാരത്തി മറിയക്ക്. മുമ്പെങ്ങുമുാകാത്ത അന്ധാളിപ്പോടെയാണ് ശിഷ്യന്മാർ പോയത്. എന്നാൽ മറിയ കല്ലറയിൽ കുനിഞ്ഞുനോക്കി. മങ്ങിയ വെളിച്ചത്തിൽ ആദ്യം യേശു അവൾക്ക് പ്രത്യക്ഷനായി, ശിഷ്യന്മാർക്ക് ഒരു സന്ദേശവും നല്കി. (2) മറ്റു സ്ത്രീകൾക്ക് കുറച്ചു കഴിഞ്ഞ്. അവർ ശിഷ്യന്മാരെ അന്വേഷിച്ചു പോയപ്പോൾ യേശു പ്രത്യക്ഷനായി, തന്റെ സഹോദരങ്ങൾക്കുള്ള ഒരു സന്ദേശവുമായിട്ടാണ് അവരെയും അയച്ചത്. (3) ശീമോൻ പത്രൊസിന്: ലൂക്കൊസ് 24:33, 34-ൽ യാദൃശ്ചികമായി പറഞ്ഞിരിക്കുന്നു; കൂടാതെ പൗലൊസും പറ

ഞ്ഞിരിക്കുന്നു (1 കൊരി. 15:5). (4) രു ശിഷ്യന്മാർക്ക് എമ്മൗസിലേക്കുള്ള വഴിയിൽ വെച്ച്. അന്നുതന്നെ ക്ലെയോപ്പാവും, മറ്റൊരു ശിഷ്യനും, എമ്മൗസ് എന്ന അടുത്തുള്ള ഗ്രാമത്തിലേക്കു പോയി. ശൂന്യമായ കല്ലറയെകുറിച്ചും ദൂതന്മാരുടെ ദർശനത്തെകുറിച്ചും അവർ കേട്ടിരുന്നു. സംഭവിച്ചതിനെകുറിച്ചെല്ലാം അവർ സംസാരിച്ചുകൊു പോയപ്പോൾ, യേശു തന്നെ അവരോടു ചേർന്നു അവരുടെ ദുഃഖത്തിനു കാരണമെന്തെന്നു അന്വേഷിച്ചു, തന്നെക്കുറിച്ചുള്ള പ്രവചനങ്ങളെല്ലാം തുറന്നു കാണിച്ചു, അവസാനം അവൻ അപ്പം എടുത്തു നുറുക്കി അവനെ വെളിപ്പെടുത്തികൊടുത്തു. യെരുശലേമിലേക്കു അന്നു വൈകുന്നേരം മടങ്ങിവരുമ്പോൾ, ശിമോന്നു[1] യേശു പ്രത്യക്ഷനായതിനെകുറിച്ചു ശിഷ്യന്മാർ സംസാരിച്ചു വരുന്നതു അവൻ കു. ജ്വലിച്ചുകൊിരുന്ന പ്രകാശത്തിനു അവരുടെ വിവരങ്ങൾ കൂടുതൽ പ്രകാശിക്കേതിന്നു ഇന്ധനമായി. അപ്പോഴും അവർക്കു വിശ്വസിക്കാനൊക്കാതിരുന്നു. (5) തോമസിന്റെ അഭാവത്തിൽ അപ്പൊസ്തലന്മാർക്കും മറ്റുള്ളവർക്കും. ആ ആവേശത്തിനിടയിൽ, യേശു തന്നെ പെട്ടെന്നു അവർക്കിടയിൽ പ്രത്യക്ഷനായി, “നിങ്ങൾക്ക് സമാധാനം,”[2] എന്നു പറഞ്ഞു അവരെ വന്ദനം ചെയ്തു അവരുടെ അവിശ്വാസത്തെ അവൻ ശകാരിച്ചു. അവന്റെ ഉയിർത്തെഴുന്നേല്പും, അവൻ അവർക്കു പ്രത്യക്ഷനായതും ഉറപ്പാക്കുവാൻ, ആണിപ്പാടുള്ള കയ്യും കാലും അവരെ കാണിച്ചുകൊടുക്കുകയും, അവൻ അവരുടെ സാന്നിദ്ധ്യത്തിൽ തിന്നുകയും ചെയ്തു. ആ പ്രത്യക്ഷതകളെല്ലാം നടന്നതു യേശു ഉയിർത്തെഴുന്നേറ്റ ദിവസം ആയിരുന്നു. (6) തോമസ് അടക്കമുള്ള, അപ്പൊസ്തലന്മാർക്ക്. ഞായറാഴ്ച്ച വൈകുന്നേരത്തെ യോഗത്തിനു തോമസ് ഇല്ലായിരുന്നു, മറ്റുള്ളവരുടെ സാക്ഷ്യം അവൻ വിശ്വസിച്ചുമില്ല. ഒരാഴ്ച്ച കഴിഞ്ഞ് അവരെല്ലാവരും ഉായിരുന്നപ്പോൾ, യേശു അവർക്കു വീും പ്രത്യക്ഷനായി. തോമസ് അവസാനം തന്റെ ഇന്ദ്രിയത്തിനു സാക്ഷ്യം ബോധ്യമാക്കി, അപ്പൊസ്തലന്മാരിൽ അവസാന പരിവർത്തകനായി (പൗലൊസിനെ രക്ഷിച്ച) ഉയിർത്തെഴുന്നേല്പിന്നു സാക്ഷിയായി. (7) ഗലീലാ കടൽക്കരയിൽവെച്ച് ഏഴു ശിഷ്യന്മാർക്ക്. ശിഷ്യന്മാർ തങ്ങളുടെ പഴയ പണിയായ മീൻപിടുത്തത്തിനായി മടങ്ങിപോയി. രാത്രി മുഴുവൻ പാടുപെട്ടിട്ടും അവർക്ക് ഒന്നും കിട്ടിയില്ല, അപ്പോൾ ഒരു അപരിചിതൻ കടൽക്കരയിൽനിന്നു അവരോടു വലത്തോട്ടു നീക്കി വലയിറക്കുവാൻ ആവശ്യപ്പെട്ടു. ഫലം അതു തങ്ങളുടെ യജമാനനാണെന്നു യോഹന്നാനു ബോധ്യമായി; എന്നാൽ അവനെ വന്ദനം ചെയ്യുവാൻ ആദ്യം ഓടിയതു പത്രൊസ് ആയിരുന്നു. ഒരുപക്ഷെ ഈ സന്ദർഭത്തിൽ, തന്നെ സ്നേഹിക്കുന്നുോ എന്നു പരസ്യമായി ചോദിച്ചത്, മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതുകൊാകാമെന്ന്, സംശയരഹിതമായി പറയാം. (8) അഞ്ഞൂറോളം ശിഷ്യന്മാർക്ക്. ഇതു സംഭവിച്ചത് ഒരുപക്ഷെ ഗലീലിയിൽവെച്ചായിരിക്കാം (*ഒവാ.* മത്താ. 28:16, 19; 1 കൊരി. 15:6), അവിടെയായിരുന്നു അവന്റെ ശിഷ്യന്മാരുടെ കൂട്ടം താമസിച്ചിരുന്നത്. ഈ കൂടിവരവിന്റെ വിശദാംശങ്ങൾ നമുക്ക് ഇല്ല. (9) യാക്കൊബിന്ന് (1 കൊരി.15:7). (10) സ്വർഗ്ഗാരോഹണസമയത്ത് ഒലിവുമലയിൽവെച്ച് അപ്പൊസ്തലന്മാർക്ക്. ഉയിർത്തെഴുന്നേല്പുമുതൽ സ്വർഗാരോഹണംവരെയുള്ള നാല്പതു ദിവസത്തിൽ, രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ പ്രാവശ്യം, അവൻ ശിഷ്യന്മാർക്കു പ്രത്യക്ഷനായിരിക്കുവാനാണ് സാധ്യത, ചരിത്രനുറുങ്ങുകളിൽ കാണുന്നതിലധികം നിർദ്ദേശങ്ങൾ അവൻ തന്റെ അപ്പൊസ്തലന്മാർക്കു നല്കിക്കാണും. (പ്രവൃത്തികൾ 1:3 നോക്കുക.)

**3. അവസാനത്തെ ആജ്ഞ.** – ഒന്നുകിൽ അവന്റെ അവസാന അഭിമുഖത്തിലോ അല്ലെങ്കിൽ ഉയിർത്തെഴുന്നേല്പിനു ശേഷമുള്ള പല അഭിമുഖങ്ങളിൽ ഏതെങ്കിലും ഒന്നിലോ, അവൻ അപ്പൊസ്തലന്മാർക്ക് അവസാനത്തെ ആജ്ഞ നല്കി. യോഹന്നാന്റെ ദൗത്യവും, യേശുവിന്റെ വ്യക്തിപരമായ ദൗത്യവും, പന്തിരുവരുടെ ആദ്യ ദൗത്യവും, എഴുപതു പേരുടേയും, എല്ലാം ഒരുക്കലായിരുന്നു. അവരുടെ സന്ദേശങ്ങളെല്ലാം "ദൈവരാജ്യം അടുത്തിരിക്കുന്നു'' എന്നായിരുന്നു (*ഒവാ.* മത്താ. 3:2; 4:17; 10:7; ലൂക്കൊസ് 10:9). അതു യിസ്രായേലിൽ മാത്രം പരിമിതപ്പെടുത്തിയിരുന്നു (മത്താ. 10:5; 15:24). യേശു ക്രിസ്തുവാണെന്നു പ്രസംഗിക്കുവാൻ പോലും അപ്പൊസ്തലന്മാരെ അനുവദിച്ചിരുന്നില്ല (മത്താ. 16:20; 17:9). ക്രിസ്തു വന്നു ജീവിച്ചതും കഷ്ടമനുഭവിച്ച് മരിച്ചു ഉയിർത്തെഴുന്നേറ്റതും പ്രസംഗിക്കുവാൻ ഒരു സുവിശേഷം ഉാകുന്ന*തിനായിരുന്നു.* ഇപ്പോൾ, ഒന്നൊഴിച്ച് എല്ലാ നിയന്ത്രണങ്ങളും നീക്കികളഞ്ഞു. അവർ അവസാനത്തേതും മുഴുവനുമായ സുവിശേഷം പ്രസംഗിക്കേിയിരുന്നു – അതായത്, "ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ" (1 കൊരി. 15:1–4; 2:1); അതു "സകല സൃഷ്ടികളോടുമാണ്"; ക്രിസ്തുവിലുള്ള വിശ്വാസത്താലും, പാപങ്ങളിൽനിന്നു മാനസാന്തരപ്പെടുകയും, ''പിതാവിന്റേയും പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും[3] നാമത്തിൽ'' സ്നാനമേൽക്കുകയും ചെയ്തുകൊു "സകല ജാതികളെയും ശിഷ്യരാക്കുകയും" വേണം. എന്നാൽ അവർ അതിനു പൂർണ്ണമായും യോഗ്യരായിട്ടില്ലായിരുന്നു; അതുകൊ്, "അവർ ഉയരത്തിൽനിന്നു ശക്തി ലഭിക്കുവോളം യെരുശലേം നഗരം വിട്ടു പോകരുതായിരുന്നു"[4]; കാരണം "ഇനി നിങ്ങൾക്കോ ഏറെ നാൾ കഴിയുന്നതിനു മുൻപു പരിശുദ്ധാത്മാവു കൊു സ്നാനം ലഭിക്കേ താണ്.''[5] അതിന്റെ, ഫലമായാണ്, അവസാന ആജ്ഞയായ, ലോക-വ്യാപകമായ സുവശേഷപ്രവർത്തനം, അടുത്ത പതിനെട്ടു നൂറ്റാുകൾ അഭംഗുരം നടന്നത്.

**4. സ്വർഗാരോഹണം.** – ''ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും" (യോഹന്നാൻ 16:7). അങ്ങനെ യേശു തന്റെ ശിഷ്യന്മാരെ ഒലിവുമലയിലേക്കു കൊുപോയി, ''യേശു തന്റെ കൈകളെ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവൻ അവരെ അനുഗ്രഹിച്ചശേഷം അവരെ വിട്ടു, സ്വർഗാരോഹണം ചെയ്തു."[6] സ്വർഗ്ഗാരോഹണം മശിഹയുടെ ദൗത്യത്തിനു പുതിയ മാനം നൽകി. അവരുടെ പഴയ പ്രാകൃത സ്വപ്നങ്ങൾ അപ്രത്യക്ഷമായി. ദൈവം മനുഷ്യരിലേക്ക് ഇറങ്ങിവന്നതു മനുഷ്യരെ ദൈവത്തിലേക്ക് ഉയർത്തുന്നതിനായിരുന്നു. പതിനൊരുവർ സന്തോഷത്തോടെ യെരുശലേമിലേക്കു മടങ്ങിപോകയും, വാഗ്ദാനം ചെയ്ത ആത്മാവു വരുന്നതിന് കാത്തിരിക്കുന്ന ശിഷ്യന്മാരോടുകൂടി സുവിശേഷചരിത്രം അവസാനിക്കുകയും ചെയ്യുന്നു.

---

കുറിപ്പുകൾ

[1]പത്രൊസ്. [2]ലൂക്കൊസ് 24:36; യോഹന്നാൻ 20:19. [3]മത്താ. 28:19. [4]ലൂക്കൊസ് 24:49; കൂടാതെ പ്രവൃത്തികൾ 1:4 നോക്കുക. [5]പ്രവൃത്തികൾ 1:5. [6]ലൂക്കൊസ് 24:50, 51.